# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


**വാർത്താക്കുറിപ്പ്**

**2024 മാർച്ച് 1**

---

## നാലു വർഷ ബിരുദം; എം.ജിയിൽ വിദഗ്ധ സമിതികൾ സിലബസ് സമർപ്പിച്ചു

നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ സിലബസ് ചിട്ടപ്പെടുത്തുന്നതിൽ പുലർത്തിയ സൂക്ഷ്മ സമീപനവും ജാഗ്രതയും പ്രോഗ്രാമുകൾ നടപ്പാക്കുമ്പോഴും തുടരാൻ അക്കാദമിക് സമൂഹം ശ്രദ്ധിക്കണമെന്ന് മഹാത്മാ ഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു.

മഹാത്മാ ഗാന്ധി സർവകലാശാലയിൽ നാലു വർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പാക്കുന്നതിൻറെ ഭാഗമായി വിദഗ്ധ സമിതികൾ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി അന്തിമ രൂപം നൽകിയ സിലബസുകൾ ഏറ്റുവാങ്ങുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കാലോചിതമായ സിലബസ് സമയബന്ധിതമായി തയ്യാറാക്കുന്നതിൽ തികഞ്ഞ അർപ്പണ ബോധത്തോടെയുള്ള പ്രവർത്തനമാണ് വിദഗ്ധ സമിതികളും ബന്ധപ്പെട്ട അധ്യാപകരും നടത്തിയത്. പ്രോഗ്രാമുകൾ കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതും വലിയ ഉത്തരവാദിത്വമാണ്. സിലബസുകളുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ടുള്ള അധ്യാപനവും പാഠ്യപ്രവർത്തനങ്ങളുമാണ് നടക്കേണ്ടത്-അദ്ദേഹം ചൂണ്ടിക്കാട്ടി.

നാലു വർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ മഹാത്മാ ഗാന്ധി സർവകലാശാല ബഹുദൂരം മുന്നിലാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച നാലു വർഷ പ്രോഗ്രാമിൻറെ ചുമതലയുള്ള നിർവാഹക സമിതി അധ്യക്ഷനായ സിൻഡിക്കേറ്റ് അംഗം ഡോ. ബിജു പുഷ്പൻ പറഞ്ഞു. വിവിധ വിഷയങ്ങളുടെ സിലബസുകൾ വിദഗ്ധ സമിതി അധ്യക്ഷൻമാർ വൈസ് ചാൻസലർക്ക് കൈമാറി.

സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സക്കറിയ, പി. ഹരികൃഷ്ണൻ, ഡോ. ആർ. അനിത, ഡോ. കെ.എം. സുധാകരൻ, ഡോ. എസ്. ഷാജില ബീവി, ഡോ. ബിജു തോമസ്, ഡോ. ബാബു മൈക്കിൾ, ഡോ. നന്ദകുമാർ കളരിക്കൽ, രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, ഫിനാൻസ് ഓഫീസർ ബിജു മാത്യു, ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻമാർ, സംഘടനാ ഭാരവാഹികൾ

തുടങ്ങിയവർ സന്നിഹിതരായി.

(പി.ആർ.ഒ/39/212/2024)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

അഞ്ചാം സെമസ്റ്റർ സിബിസിഎസ്(സ്പെഷ്യൽ റീഅപ്പിയറൻസ് 2021 അഡ്മിഷൻ ബാച്ചിലെ പരാജയപ്പെട്ട വിദ്യാർഥികൾക്ക് മാത്രം) പരീക്ഷകൾക്ക് മാർച്ച് അഞ്ചു വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം.
മാർച്ച് ആറിന് ഫൈനോടു കൂടിയും മാർച്ച് ഏഴിനു സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/213/2024)

## പ്രാക്ടിക്കൽ

ഡിസംബറിൽ വിജ്ഞാപനം പുറപ്പെടുവിച്ച ഒന്നാം സെമസ്റ്റർ ബി.എഫ്.ടി/ബി.എസ്.സി അപ്പാരൽ ആൻറ് ഫാഷൻ ഡിസൈൻ മോഡൽ 3(സിഎസ്എസ് - 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017-2022 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് അഞ്ചിന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ

..............................

അഞ്ചാം സെമസ്റ്റർ സിബിസിഎസ്എസ് ബിസിഎ/ബി.എസ്.സി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ മോഡൽ3(20142016 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2013 അഡ്മിഷൻ മെഴ്സി ചാൻസ് സെപ്റ്റംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് നാലു മുതൽ നെല്ലിക്കുഴി ഇന്ദിരാഗാന്ധി കോളജ് ഓഫ് ആർട്സ് ആൻസ് സയൻസിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

..............................

ഒന്നാം സെമസ്റ്റർ ബി.വോക് കളിനറി ആർട്സ് ആൻറ് ഹോസ്പിറ്റാലിറ്റി മാനേജ്മെൻറ്(2023 അഡ്മിഷൻ റഗുലർ, 2021,2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018-2022 അഡ്മിഷനുകൾ റീഅപ്പിയറൻസ് - പുതിയ സ്കീം, ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് ആറു മുതൽ ആലുവ സെൻറ് സേവിയേഴ്സ് കോളജ് ഫോർ വിമനിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

..............................

ഒന്നാം സെമസ്റ്റർ ബി.വോക് പ്രിൻറിംഗ് ടെക്നോളജി(2023 അഡ്മിഷൻ റഗുലർ, 2021,2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018-2022 അഡ്മിഷനുകൾ റീഅപ്പിയറൻസ് - പുതിയ സ്കീം, ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് നാലിന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/214/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**